"ഭരണഭാഷ - മാതൃഭാഷ"

വളരെ അടിയന്തിരം

നം.ഐസിഡിഎസ്/എ2-7484/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 8-9-2017

സാമൂഹ്യനീതി ഡയറക്ടർ.

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
കൊല്ലം, പത്തനംതിട്ട, കോട്ടയം.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - ദേശീയ മനുഷ്യാവകാശ കമ്മിഷൻ - പ്രത്യേക ഉദ്യോഗസ്ഥൻ ശ്രീ ജേക്കബ് പുന്നൂസ് IPS (റിട്ട) - അങ്കണവാടികൾ സന്ദർശിക്കുന്നത് - സംബന്ധിച്ച്.

സൂചന : 6-9-2017-ലെ ദേശീയ മനുഷ്യാവകാശ കമ്മിഷൻ സംസ്ഥാന ചീഫ് സെക്രട്ടറിയ്ക്ക് അയച്ച കത്ത്.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ സ്പെഷ്യൽ ഉദ്യോസ്ഥൻ (സൗത്ത് സോൺ1) ശ്രീ. ജേക്കബ് പുന്നൂസ് IPS (റിട്ട) 12-9-2017 മുതൽ 18-9-2017 വരെയുള്ള ദിവസങ്ങളിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ അങ്കണവാടികൾ സന്ദർശിക്കുന്നതായും ഐസിഡിഎസുകളിലെ നിലവിലെ അവസ്ഥ, പദ്ധതി നിർവ്വഹണ എന്നിവ സംബന്ധിച്ച് ചർച്ച നടത്തുന്നതാണെന്നും അറിയിച്ചിരിക്കുകയാണ്. (പ്രോഗ്രാം ഷെഡ്യൂൾ ഉള്ളടക്കം ചെയ്യുന്നു. സന്ദർശനവുമായി ബന്ധപ്പെട്ട് അതത് ജില്ലാ കളക്ടർമാരുമായി ഇക്കാര്യം ചർച്ച ചെയ്യേണ്ടതും ആയതിലേയ്ക്ക് ആവശ്യം വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

കൊല്ലം ജില്ലയിലെ പുനലൂർ ഐസിഡിഎസ് പരിധിയിലുള്ള 4 അങ്കണ വാടികളും കോട്ടയം ജില്ലയിലെയും പത്തനംതിട്ട ജില്ലയിലേയും 4 അങ്കണവാടികൾ വീതവും സന്ദർശിക്കുന്നതായാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യം ബന്ധപ്പെട്ട ജില്ല കളിലെ പ്രോഗ്രാം ഓഫീസർമാരേയും പുനലൂർ CDPOയേയും അറിയിക്കേണ്ടതാണ്

പത്തനംതിട്ട കോട്ടയം ജില്ലകളിൽ സന്ദർശനത്തിനനുയോജ്യമായ 4 അങ്കണവാടികൾ തെരഞ്ഞെടുക്കേണ്ടതും ടി അങ്കണവാടികൾ ഉൾപ്പെടുന്ന ഐസിഡിഎസ്-കളിലെ CDPOമാരെ ഇക്കാര്യം അറിയക്കേണ്ടതുമാണ്.

ജില്ലാ ഓഫീസർമാർ ജില്ലകളിലെ ഏതെങ്കിലും ഐസിഡിഎസ് പ്രോജക്ടിൽ നിന്നുള്ള ഭേദപ്പെട്ട സൗകര്യങ്ങളോടുകൂടിയ ഒരു വാഹനം കൂടി കരുതേണ്ടതാണ്. കൂടാതെ ശ്രീ. ജേക്കബ് പുന്നൂസിന്റെ ഷെഡ്യൂൾ പ്രകാരമുള്ള യാത്രാ പരിപാടി കാലേകൂട്ടി മനസ്സിലാക്കി റെയിൽവേ സ്റ്റേഷനിൽ സ്വീകരിക്കാനും അനുഗമിക്കാനും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും പ്രോഗ്രാം ഓഫീസർമാരും സന്നദ്ധരായിരിക്കേണ്ടതുമാണ്.

സന്ദർശനം സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

പകർപ്പ് :

ജില്ലാ പ്രോഗ്രാം ഓഫീസർ,
കൊല്ലം, പത്തനംതിട്ട, കോട്ടയം.

ജികെ/ 8-9-17